# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 190 08.06.2015-ൽ മറുപടിയ്ക്ക്**

**<u>കാപ്പ - ആക്ട്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. ഹംസ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) കേരളത്തിൽ കാപ്പ – ആക്ട് പ്രകാരം എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്ര പൊതു പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട് ;

(എ) യും (ബി) യും

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം 964 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ നിയമപ്രകാരം നടപടി സ്വീകരിക്കുന്നവരുടെ രാഷ്ട്രീയ സാമൂഹിക ബന്ധം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാറില്ല.

(സി) ജസ്റ്റിസ് രാംകുമാർ കമ്മിറ്റിയുടെ മുൻപിൽ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ പിൻവലിക്കുവാൻ കമ്മറ്റി നിർദ്ദേശിച്ചുവെന്നും ഓരോ ജില്ലയിലും എത്ര പേർ വീതമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) റിട്ട. ജസ്റ്റിസ് രാംകുമാർ ചെയർമാനായുള്ള അഡ്വൈസറി ബോർഡ് കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നല്കുന്നത്. കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നല്കാറില്ല.

(ഡി) ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര പേർക്കെതിരെ കാപ്പ ചുമത്തുകയുണ്ടായെന്നും അവരിൽ എത്ര പൊതു പ്രവർത്തകർ ഉണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

ഇ) ഇവയിൽ ജ. രാംകുമാർ കമ്മിറ്റിയുടെ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ട എത്ര കേസുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ഡി) യും (ഇ) യും

ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനുകളിലായി 14 പേർക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ കരുതൽ തടങ്കലിൽ വെച്ചിട്ടുള്ള എല്ലാവരുടെയും കേസുകൾ ഉപദേശക ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ നിയമപ്രകാരം നടപടിയ്ക്ക് വിധേയരാകുന്നവരുടെ രാഷ്ട്രീയ സാമൂഹിക ബന്ധങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കാറില്ല.

എഫ്) ഇതിൽ ജ. രാംകുമാർ കമ്മിറ്റി ഏതെങ്കിലും കേസുകൾ പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

ജി) ഇപ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിൽ ജ. രാംകുമാർ കമ്മിറ്റിയുടെ ജഡ്ജ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ; നിലവിൽ പ്രസ്തുത കമ്മിറ്റി മുമ്പാകെ പെൻഡിങ്ങ് ഉള്ളതായി വിവരം ലഭ്യമാണോ ; വ്യക്തമാക്കാമോ ?

(എഫ്) ഉം (ജി) യും

അഡ്വൈസറി ബോർഡ്. കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നല്കാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നല്കുന്നത്. കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട 19 കേസുകൾ ഇപ്പോൾ അഡ്വൈസറി ബോർഡിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | കാപ്പാ ആക്റ്റ് പ്രകാരം നടപടി സ്വീകരിച്ചവരുടെ എണ്ണം | | |
|---|---|---|---|---|
| | | സെക്ഷൻ 3 | സെക്ഷൻ 15 | ആകെ |
| 1 | തിരുവനന്തപുരം | 209 | 9 | 218 |
| 2 | കൊല്ലം | 100 | 16 | 116 |
| 3 | പത്തനംതിട്ട | 9 | 10 | 19 |
| 4 | ആലപ്പുഴ | 47 | 28 | 75 |
| 5 | കോട്ടയം | 5 | 10 | 15 |
| 6 | ഇടുക്കി | 21 | 54 | 75 |
| 7 | എറണാകുളം | 48 | 63 | 111 |
| 8 | തൃശ്ശൂർ | 35 | 6 | 41 |
| 9 | പാലക്കാട് | 49 | 40 | 89 |
| 10 | മലപ്പുറം | 6 | 1 | 7 |
| 11 | കോഴിക്കോട് | 8 | 45 | 42 |
| 12 | വയനാട് | 7 | 0 | 7 |
| 13 | കണ്ണൂർ | 42 | 53 | 95 |
| 14 | കാസർഗോഡ് | 31 | 10 | 41 |
| 15 | റെയിൽവേയ്സ് | 2 | 0 | 2 |
| **ആകെ** | | **619** | **345** | **964** |

(signature)

സെക്ഷൻ ഓഫീസർ